**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 972**

**30.06.2011 ൽ മറുപടിയ്ക്ക്**

## പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കോലിയക്കോട്.എൻ.കൃഷ്ണൻനായർ** | | **ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** | |
| (എ) | പൊൻമുടി ടൂറിസ്റ്റ് കേന്ദ്രം വികസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വിശദീകരിക്കുമോ; | (എ) | പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിൽ കേന്ദ്രസർക്കാർ സഹായത്തോടെ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് 270.18 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽയിട്ടുണ്ട്. ഇതിൽ കുട്ടികളുടെ കളിസ്ഥലം, ഓപ്പൺഎയർ ഓഡിറ്റോറിയം, ലാന്റ്സ്കേപ്പിംഗ്, ലൈറ്റിംഗ് എന്നീ പ്രവർത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ബി) | കല്ലാറിൽ നിന്നും പൊൻമുടിയിലേയ്ക്ക് 'റോപ് വേ' നിർമ്മിച്ച് സഞ്ചാരികളെ ആകർഷിക്കുകയെന്ന നിർദ്ദേശം അംഗീകരിക്കുമോ: ഇതിനുള്ള നടപടികൾ എന്തെങ്കിലും മുമ്പ് സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ടൂറിസം വകുപ്പിന് പൊൻമുടിയിൽ വളരെ പരിമിതമായ ഭൂമി മാത്രമേ ഉള്ളൂ. റോപ് വേ പോലുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ അതനുസരിച്ച് പൊൻമുടിയിലെത്തുന്ന വിനോദ സഞ്ചാരികൾക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ വൻതോതിലുള്ള ഭൂമി വേണ്ടിവരും എന്നാൽ വന പ്രദേശമായ പൊൻമുടിയിൽ കർശനമായ വനനിയമങ്ങൾ കാരണം ഭൂമി ലഭ്യമാക്കാൻ പ്രയാസമാണ്. ആയതിനാൽ അതിനുള്ള പദ്ധതികൾ വകുപ്പിന്റെ പരിഗണനയിൽ ഇപ്പോൾ ഇല്ല. |
| (സി) | ഇതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ലായെങ്കിൽ പുതുതായി ഇതിനുള്ള നടപടികൾ ആരംഭിക്കുമോ : | (സി) | ബാധകമല്ല |
| (ഡി) | പൊന്മുടി അപ്പർ സാനിട്ടോറിയത്തിലെ തകർന്ന കെട്ടിടങ്ങൾക്കുപകരം പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഉദ്ദേശമുണ്ടോ ; | (ഡി) | ഇല്ല. |
| (ഇ) | പൊന്മുടി ഗവൺമെന്റ് ഗസ്റ്റ് ഹൗസിന്റെ ചോർന്നൊലിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ? | (ഇ) | പൊൻമുടി ഗസ്റ്റ് ഹൗസിന്റെ അറ്റകുറ്റപ്പണികൾ പി.ഡബ്ല്യു.ഡി യുമായി ചേർന്ന് ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ